# പാദവാർഷിക ആത്യന്തികവിലയിരുത്തൽ 2025 – 26

## മാതൃക ചോദ്യപേപ്പർ

## മലയാളം - അടിസ്ഥാനപാഠാവലി

**ക്ലാസ് – X** | **സമയം : 1½ മണിക്കൂർ**

**ആകെ സ്കോർ : 40**

---

**നിർദേശങ്ങൾ**

- ആദ്യത്തെ 15 മിനിറ്റ് സമാശ്വാസസമയമാണ്. ചോദ്യങ്ങൾ വായിക്കാനും ഉത്തരങ്ങൾ ക്രമപ്പെടുത്താനും ഈ സമയം വിനിയോഗിക്കണം.
- ചോദ്യങ്ങളും നിർദേശങ്ങളും ശ്രദ്ധാപൂർവം വായിച്ച് എല്ലാ ചോദ്യങ്ങൾക്കും ഉത്തരം എഴുതണം. **A അല്ലെങ്കിൽ B** എന്ന തരത്തിലുള്ള ചോദ്യങ്ങളിൽ, ഏതെങ്കിലും ഒരു ചോദ്യത്തിന് ഉത്തരമെഴുതിയാൽ മതി.
- ഉത്തരമെഴുതുമ്പോൾ സ്കോർ, സമയം എന്നിവ പരിഗണിക്കണം.

---

**1 മുതൽ 4 വരെ ചോദ്യങ്ങളുടെ ഉത്തരം തിരഞ്ഞെടുത്ത് എഴുതുക. 1 സ്കോർ വീതം (4 x 1 = 4)**

**1.** താമരപ്പൂങ്കാവനത്തില്
താമസിക്കുന്നോളേ...
(ഖൽബിലെ നിലാവ്)

കവി ഇങ്ങനെ പറയുന്നത് ആരെക്കുറിച്ചാണ്?

**A.** വണ്ടുകളെ
**B.** നിലാവിനെ
**C.** നായികയെ
**D.** പഞ്ചവർണ്ണക്കിളിയെ

**2.** കിളികൾ ശരശയ്യ ഒരുക്കുന്നു.

i. ശരശയ്യ - ശരവും ശയ്യയും
ii. ശരശയ്യ – ശരം എന്ന ശയ്യ
iii. ശരശയ്യ - ശരം കൊണ്ടുള്ള ശയ്യ

അടിവരയിട്ട പദം വിഗ്രഹിച്ച് എഴുതിയതിൽ ശരിയായത് ഏത്?

**A.** (i) ശരി
**B.** (i) ഉം (ii) ഉം ശരി
**C.** (i) ഉം (ii) ഉം (iii) ഉം ശരി
**D.** (iii) മാത്രം ശരി

**3.** “അട്പ്പത്തെ പണി ഒരു കടലാ ഫിസേ...”
(ചിത്രകാരി)

ഈ വാക്യത്തിന്റെ ആശയത്തിന് യോജിച്ച പ്രസ്താവന ഏത് ?

© State Assessment Cell - SCERT Kerala

A. അടുക്കളജോലി ഒരിക്കലും അവസാനിക്കാത്തതാണ്.
B. അടുക്കളജോലി ആസ്വാദ്യമാണ്.
C. അടുക്കളജോലി വളരെ നിസ്സാരമാണ്.
D. അടുക്കളജോലി കഠിനമാണ്.

4. ഉടമ : എനിക്കു ചിറകില്ലല്ലോ. ഞാൻതന്നെ അവ അറുത്തെറിഞ്ഞില്ലേ?

**കാര്യം** – സ്വയം ചിറകരിഞ്ഞ് സ്വതന്ത്രനായി

**കാരണം** – സമൂഹത്തിൽ സമഭാവനയുടെ സന്ദേശം പ്രചരിപ്പിക്കാൻ

ഉടമയുടെ പ്രവൃത്തിയുമായി ബന്ധപ്പെട്ട് ചുവടെ നൽകിയവയിൽ ശരിയായതേത്?

A. കാര്യവും കാരണവും ശരി
B. കാര്യവും കാരണവും തെറ്റ്
C. കാര്യം തെറ്റ് കാരണം ശരി
D. കാര്യം ശരി കാരണം തെറ്റ്

**5 മുതൽ 7 വരെ ചോദ്യങ്ങൾക്ക് മൂന്നോ നാലോ വാക്യത്തിൽ ഉത്തരമെഴുതുക.**

**3 സ്കോർ വീതം (3 x 3 = 9)**

5. ആയിടെ ഒരിക്കൽ ഉമ്മയതങ്ങ് നേരിട്ട് പറയുകയും ചെയ്തു. "അടുപ്പത്തെ പണി പഠിക്കാണ്ട് പറ്റൂല്ല ഫിസേ..."

(ചിത്രകാരി)

കഥാസന്ദർഭം സ്ത്രീജീവിതാവസ്ഥകളെക്കുറിച്ച് നൽകുന്ന സൂചനകൾ എന്തെല്ലാം? വിശകലനം ചെയ്യുക.

6. "കാൻവാസിൽ ഒരു കാട് വളർന്ന് ആകാശത്തുലയുന്നു. നക്ഷത്രപ്പൂക്കൾ ചുറ്റും പൊഴിയുന്നു."

ഈ വാക്യം ചിത്രകാരി എന്ന കഥയുമായി ബന്ധപ്പെട്ടിരിക്കുന്നത് എങ്ങനെ?

7. (A) "അന്നൊരുനാൾ അമ്പിളിമാൻ
വമ്പനായി വന്നു... വമ്പനായി വന്നു...

വന്നു നിന്നെ കണ്ടതോടെ
അമ്പരന്നുനിന്ന്... അമ്പരന്നുനിന്ന്...

(ഖൽബിലെ നിലാവ്)

നായികയുടെ സൗന്ദര്യം ഈ വരികളിൽ ആവിഷ്കരിച്ചിരിക്കുന്നതെങ്ങനെ? നിങ്ങളുടെ നിരീക്ഷണങ്ങൾ എഴുതുക.

**അല്ലെങ്കിൽ**

(B) പക്ഷിശാസ്ത്രക്കാരൻ : "നമ്മൾക്ക് കുളിർമ്മ തന്നവനും വെട്ടിയവനും തണലേകുക..."

(ഒരു പക്ഷിക്കുഞ്ഞിന്റെ മരണം)

പക്ഷിശാസ്ത്രക്കാരന്റെ ഈ കാഴ്ചപ്പാടിനെക്കുറിച്ചുള്ള നിങ്ങളുടെ അഭിപ്രായം വ്യക്തമാക്കുക.

© State Assessment Cell - SCERT Kerala

**8 മുതൽ 11 വരെ ചോദ്യങ്ങൾക്ക് അരപ്പുറത്തിൽ കവിയാതെ ഉത്തരം എഴുതുക.**
**5 സ്കോർ വീതം (4 x 5 = 20)**

**8.** ഉടമ : "ഹാ... ചുവന്ന പൂക്കൾ വെളുക്കുന്നു... എല്ലാം പളുങ്കുപോലെ വെളുത്ത പൂക്കൾ... കൂട്ടരേ, എനിക്കെന്റെ സ്വർണ്ണച്ചിറക് തരൂ... നമുക്കു പറക്കാം... "

(ഒരു പക്ഷിക്കുഞ്ഞിന്റെ മരണം)

ചുവന്ന പൂക്കൾ, വെളുത്ത പൂക്കൾ, സ്വർണ്ണച്ചിറക് എന്നീ പ്രയോഗങ്ങളുടെ അർഥതലങ്ങൾ നാടകത്തിന്റെ പ്രമേയവുമായി ബന്ധിപ്പിച്ച് വിശകലനം ചെയ്യുക.

**9.** ചുവടെ നൽകിയ ഗദ്യഭാഗം വായിച്ച് ആശയം മൂന്നിലൊന്നായി ചുരുക്കിയെഴുതുക.

മലയാളത്തിലെ ഏറ്റവും സജീവമായ സാഹിത്യവിഭാഗമാണ് ചെറുകഥ. ഏതാണ്ട് ഒന്നേകാൽ നൂറ്റാണ്ട് പഴക്കമുള്ള മലയാള ചെറുകഥയുടെ ആദ്യമാതൃകയാണ് 'വാസനാവികൃതി'. ചെറുകഥ എന്ന സാഹിത്യരൂപത്തെക്കുറിച്ച് പിൽക്കാലത്ത് വികസിച്ചുവന്ന സങ്കല്പങ്ങൾക്കും ധാരണകൾക്കുമുള്ള ആദ്യ ചുവടുവയ്പ് എന്ന നിലയിൽ വേങ്ങയിൽ കുഞ്ഞിരാമൻ നായനാരുടെ ഈ ചെറുകഥയ്ക്ക് സവിശേഷമായ പ്രാധാന്യമുണ്ട്.

പാശ്ചാത്യസാഹിത്യത്തിന്റെ സമ്പർക്കഫലമായാണല്ലോ മലയാളത്തിൽ പുതുതെന്നു പറയാവുന്ന പല സാഹിത്യരൂപങ്ങളും ഉണ്ടായത്. പത്തൊമ്പതാം നൂറ്റാണ്ട് മലയാളത്തിന്റെ അക്ഷരലോകത്തിൽ ചെറുതല്ലാത്ത ചലനങ്ങൾ ഉണ്ടാക്കി. പരമ്പരാഗതമായ ക്ലാസിക് സാഹിത്യബോധത്തിൽ മാറ്റത്തിന്റെ കാറ്റും വെളിച്ചവും കടത്തിവിട്ടത് ഇക്കാലമാണ്. സാഹിത്യചിന്തയിലെ നവോത്ഥാനകാലം എന്നു പറയാം. മറ്റു പല സാഹിത്യരൂപങ്ങളും എന്നപോലെ ഗദ്യത്തിലും പുതുമകൾ ഉണ്ടായ കാലം. ചെറുകഥ എന്ന നവീനസാഹിത്യശാഖ മലയാളത്തിൽ ചുവടുറപ്പിക്കാൻ തുടങ്ങിയത് പത്തൊമ്പതാംനൂറ്റാണ്ടിന്റെ അന്ത്യപാദങ്ങളിലാണ്. ചെറുകഥയുടെ പ്രാരംഭകരെന്ന നിലയിൽ കേസരി നായനാർ ഉൾപ്പെടെയുള്ള ആദ്യകാല കഥാകൃത്തുക്കൾ പ്രത്യേക പരിഗണന അർഹിക്കുന്നു.

**10.** കിളികൾ : എല്ലാവരുംകൂടി ഓരോ കൊത്ത്. അയാൾ രക്തംവാർന്ന് വെയിലത്ത് വാടിവീഴും... ആ പാടത്തിനൊത്ത നടുവിൽ.

പക്ഷിശാസ്ത്രക്കാരൻ : അയ്യോ ! വേണ്ട. എന്റെ പൊന്നുങ്കുടങ്ങളേ, കൊത്തണ്ട... ആ രക്തംകൊണ്ട് കുഴയ്ക്കണ്ട.

ഉടമ : (പക്ഷിശാസ്ത്രക്കാരന്റെ നേർക്ക് അമ്പയയ്ക്കുന്നു. പല അമ്പുകൾ ആവനാഴിയിൽനിന്നെടുത്ത് എയ്തതിനുശേഷം) "അങ്ങനെ പിടഞ്ഞുപിടഞ്ഞു മരിക്കട്ടെ, എന്റെ ഗുരുപോലും."

(പക്ഷിക്കുഞ്ഞിന്റെ മരണം)

തന്നിരിക്കുന്ന സന്ദർഭങ്ങൾ വിശകലനം ചെയ്ത് പക്ഷിശാസ്ത്രക്കാരന്റെയും ഉടമയുടെയും മനോഭാവങ്ങൾ താരതമ്യം ചെയ്തു കുറിപ്പ് തയ്യാറാക്കുക.

© State Assessment Cell - SCERT Kerala

**11. (A)** “പൂനിലാവ് വന്ന് പൂ വിതറണുണ്ട്...
പൂക്കളിൽ പൂറാണിയായി
പൂത്തുനിൽക്കുന്നോളേ...’
പൂത്തുനിൽക്കുന്നോളേ...”

(ഖൽബിലെ നിലാവ്)

വരികൾ വിശകലനം ചെയ്തു അർഥസൂചനകൾ കണ്ടെത്തുക.

**അല്ലെങ്കിൽ**

**(B)** “ദൈവം തൊട്ട കൈവിരലിൽ അപൂർണ്ണമായൊരു ചിത്രത്തിന്റെ മഞ്ഞപ്പച്ചച്ചായങ്ങൾ അപ്പോഴും പറ്റിനിന്നിരുന്നു. നിശബ്ദമായൊരു കരച്ചിലോടെ, അവൾ കൈകഴുകാൻ തുടങ്ങി.”

(ചിത്രകാരി)

“കഥകൾ ജീവിതാനുഭവങ്ങളുടെ നേർക്കാഴ്ചകളാണ്.”

സന്ദർഭം വിശകലനം ചെയ്ത് ഈ പ്രസ്താവനയോട് പ്രതികരിക്കുക.

**താഴെ നൽകിയ ചോദ്യത്തിന് ഒരു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.**
**7 സ്കോർ വീതം (1 x 7 = 7)**

**12. (A)** “...ഓള്, നന്നായി വരയ്ക്കും... പിന്നെ കൊറച്ച് എഴുത്തും വായനേം.” അവളുടെ ഉപ്പ പറഞ്ഞു.”

“ഫ്ലാസ്ക് തുറന്ന് ചായ പകരവേ, തുള്ളികൾ വീണ് അവളുടെ കൈയിലെ മഞ്ഞച്ചായം ഇളകിക്കൊണ്ടിരുന്നു.”

(ചിത്രകാരി)

സൂചനകളും കഥയിലെ മറ്റു സന്ദർഭങ്ങളും വിശകലനം ചെയ്ത് ഫിസ എന്ന കഥാപാത്രത്തെ നിരൂപണം ചെയ്യുക.

**അല്ലെങ്കിൽ**

**(B)** കിളികൾ : “വിശപ്പിന് നമ്മളൊന്നും കരുതിയില്ലല്ലോ”

പക്ഷിശാസ്ത്രക്കാരൻ : “അതേ, വാരിക്കൂട്ടാൻ മറന്നുപോയവർ, വിതയ്ക്കാൻ മണ്ണില്ലാത്തവർ ”

പക്ഷിശാസ്ത്രജ്ഞൻ : “പെരുവഴിയിരുളാണെങ്കിലും ഒന്നിച്ചു പറക്കുവിൻ... മിന്നിമിനുങ്ങും ഹൃദയത്തിൽ വെളിച്ചം ഒന്നായൊഴുക്കുവിൻ...”

“സ്നേഹവും സാഹോദര്യവുമാണ് ലോകത്തെ സമാധാനപൂർണ്ണവും സുന്ദരവുമാക്കുന്നത്.”

പാഠസന്ദർഭങ്ങളും പ്രസ്താവനയും വിശകലനം ചെയ്ത് ‘ഒന്നിച്ചൊന്നായി മുന്നേറാം’ എന്ന വിഷയത്തിൽ പ്രഭാഷണം തയ്യാറാക്കുക.

© State Assessment Cell - SCERT Kerala